# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.139/PR/PIC/PHQ/13 Date : 28.12.2013

## സംസ്ഥാനത്ത് അമിതവേഗം തടയാൻ നൂറു ക്യാമറകൾ: ഉദ്ഘാടനം നാളെ (30-12-2013)

പൂർണ്ണമായും ഓട്ടോമാറ്റിക്കായി പ്രവർത്തിക്കുന്ന സ്പീഡ് എൻഫോഴ്സ്മെന്റ് ക്യാമറ സംവിധാനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ ഹൈവേകളിൽ അമിതവേഗക്കാരെ നിരീക്ഷിക്കാൻ നൂറു ക്യാമറകൾ നാളെമുതൽ കൺമിഴിക്കും.

സംസ്ഥാനത്ത് വാഹനാപകടങ്ങളിൽ വലിയൊരു പങ്കും അമിതവേഗവും അശ്രദ്ധയും കൊണ്ടാണ് നടക്കുന്നതെന്ന വിലയിരുത്തലിനെ തുടർന്ന് അമിതവേഗക്കാരെയും അലക്ഷ്യമായി വാഹനമോടിക്കുന്നവരെയും കൈയോടെ പിടികൂടുന്നതിനാണ് കേരള പോലീസ് കെൽട്രോൺ മുഖാന്തിരം ഈ പദ്ധതി നടപ്പിലാക്കുന്നത്. പ്രധാന ഹൈവേകളിൽ ഏറ്റവും കൂടുതൽ അപകടങ്ങൾ നടക്കുന്ന നൂറു സ്ഥലങ്ങളിലായി വിന്യസിച്ചിട്ടുള്ള ഈ ക്യാമറകൾ അമിതവേഗത്തിലും അപകടകരമായ വിധത്തിലും നിരത്തുകളിലോടുന്ന വാഹനങ്ങളെ നിരീക്ഷിച്ച് അവ സംബന്ധിച്ച വിവരം തിരുവനന്തപുരത്തെ പോലീസ് ട്രെയിനിങ് കോളേജിൽ പ്രവർത്തിക്കുന്ന ഹൈടെക് ട്രാഫിക് എൻഫോഴ്സ്മെന്റ് കൺട്രോൾ റൂമിൽ എത്തിക്കും. അവ പരിശോധിച്ച് വാഹന ഉടമകളെ സംബന്ധിച്ച വിവരശേഖരത്തിന്റെ സഹായത്തോടെ വാഹന ഉടമയെ കണ്ടെത്തി പിഴ ഈടാക്കും. പിഴ സംബന്ധിച്ച് തപാൽ വഴി എത്തുന്ന അറിയിപ്പുകളുടെ അടിസ്ഥാനത്തിലുള്ള തുക ജില്ലകളിലെ കളക്ഷൻ സെന്ററുകളിൽ നേരിട്ടോ നെറ്റ് ബാങ്കിങ്, ഡെബിറ്റ്/ക്രെഡിറ്റ് കാർഡ് എന്നിവ ഉപയോഗിച്ചോ അടയ്ക്കാം. സംസ്ഥാനത്ത് വാഹനാപകടങ്ങളുടെ നിരക്ക് കുറയ്ക്കാൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന പുതിയ സംവിധാനംവഴി സാധിക്കുമെന്നാണ് പ്രതീക്ഷ.

നാളെ (30-12-2013) വൈകിട്ട് തിരുവനന്തപുരം പോലീസ് ട്രെയിനിങ് കോളേജിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഹൈടെക് ട്രാഫിക് എൻഫോഴ്സ്മെന്റ് കൺട്രോൾ റൂം ഉദ്ഘാടനം ചെയ്യും. ആഭ്യന്തര-വിജിലൻസ് വകുപ്പു മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ അദ്ധ്യക്ഷത വഹിക്കും. ആരോഗ്യ-കുടുംബക്ഷേമ-ദേവസ്വം വകുപ്പു മന്ത്രി വി.എസ്.ശിവകുമാർ മുഖ്യാതിഥിയായിരിക്കും. സംസ്ഥാന പോലീസ് മേധാവി കെ.എസ്.ബാലസുബ്രമണ്യൻ, ദക്ഷിണമേഖലാ എ.ഡി.ജി.പി എ.ഹേമചന്ദ്രൻ, കെൽട്രോൺ മാനേജിങ് ഡയറക്ടർ സി.പ്രസന്നകുമാർ, ട്രാഫിക് ഐ.ജി എം.ആർ.അജിത്കുമാർ എന്നിവർ സംബന്ധിക്കും.

***************

The contents of this document may be deemed to be based on received information which is subject to further verification